(ഡി) ഒറ്റപ്പാലം മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ അനുവദിക്കപ്പെട്ട നന്മ സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. 2012 ജൂലൈ 9-ന് പ്രസ്തുത സ്റ്റോറിന്റെ ഉദ്ഘാടനം നടത്തുന്ന തീയതിക്കു തൊട്ടുമുമ്പായി പ്രാദേശികമായ ചില ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുകയും തുടർന്ന് നിർദ്ദിഷ്ട തീയതിയിൽ നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്തിരുന്നു. തൽസ്ഥിതി തുടർന്നതിനാൽ സ്റ്റോർ ആരംഭിക്കുന്നതിന് സജ്ജീകരിച്ച സംവിധാനങ്ങൾ ഉപയോഗ ശൂന്യമായി. നന്മസ്റ്റോറുകളുടെ പ്രവർത്തനം ഫെഡറേഷന് വന്നിച്ച നഷ്ടം വരുത്തിവച്ച സാഹചര്യത്തിൽ നിലവിലുള്ള സാമ്പത്തിക മാന്ദ്യം പരിഗണിച്ച് പുതിയതായി നന്മസ്റ്റോറുകൾ ആരംഭിക്കേണ്ടതില്ല എന്ന കൺസ്യൂമർഫെഡ് തീരുമാനം നിലവിലുള്ളതിനാൽ പൂക്കോട്ടുകാവിൽ നന്മ സ്റ്റോർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ജൈവപച്ചക്കറി ഉത്പാദനം

92 (437) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണകൈരളി പദ്ധതിയനുസരിച്ച് ജൈവപച്ചക്കറി ഉത്പാദനത്തിനായി മുന്നോട്ടുവന്നിട്ടുള്ള സഹകരണ സംഘങ്ങളെത്രയെന്ന് വിശദമാക്കാമോ ;

(ബി) ആലില പദ്ധതി നടപ്പ് വർഷവും തുടരുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സുവർണ്ണകേരളം പദ്ധതി അനുസരിച്ച് ജൈവപച്ചക്കറി ഉത്പാദനത്തിനായി 598 സഹകരണ സംഘങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്.

(ബി) 2014 ഒക്ടോബറിൽ ആരംഭിച്ച ആലില പദ്ധതി 2015 മാർച്ച് 31 വരെ തുടരുകയുണ്ടായി. പദ്ധതിയുടെ കാലാവധി മഴക്കാലത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നുള്ള സഹകാരികളുടെ അപേക്ഷ പരിഗണിച്ച് പദ്ധതിയുടെ കാലയളവ് 2015 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

വില പിടിച്ചുനിർത്തുന്നതിനായി സഹകരണവകുപ്പ് നടത്തുന്ന ഇടപെടലുകൾ

93 (438) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വരുന്ന ഓണം, ക്രിസ്തുമസ് തുടങ്ങിയ ആഘോഷങ്ങളോടനുബന്ധിച്ച് റേഷൻ കാർഡുടമകൾക്ക് അരി, പലവ്യഞ്ജനങ്ങൾ തുടങ്ങിയ വിവിധ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ;

(സി) അവശ്യ സാധനങ്ങളുടെവില പിടിച്ചുനിർത്തുന്നതിനായി സഹകരണ വകുപ്പ് നടത്തുന്ന ഇടപെടലുകൾ ഏതെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. വരുന്ന ഓണത്തോടനുബന്ധിച്ച് 13 ഇനം അവശ്യ നിത്യോപയോഗസാധനങ്ങൾ സർക്കാർ സബ്സിഡിയോടെ വിൽപ്പന നടത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ക്രിസ്തുമസ് സബ്സിഡി വിപണനം സംബന്ധിച്ച് ഇപ്പോൾ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) പൊതുവിപണിയിലെ വിലവർദ്ധനവ് നിയന്ത്രിച്ച് അവശ്യസാധന ങ്ങളുടെ വില പിടിച്ചുനിർത്തുന്നതിനായി പൊതുവിപണിയിൽനിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും വിലവർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികളാണ് സഹകരണവകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ഉത്സവകാല വിപണി ഇടപെടൽമൂലം വിലക്കയറ്റം തടയുന്നതിലൂപരി കൃത്രിമക്ഷാമം ഉണ്ടാക്കുന്ന പ്രവണതകൾ നിയന്ത്രിക്കുവാനും സാധിച്ചിട്ടുണ്ട്.

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

94 (439) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം തീർപ്പാക്കി ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എത്ര രൂപയുടെ ആനുകൂല്യം ഇതുവഴി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly